LIBRARY ARCHIVES Kerala Legislative Assembly

കന്നുകാലികൾക്ക് ഹെൽത്ത് കാർഡ്

22 (*592) ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കന്നുകാലികൾക്ക് ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത് ; ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) കന്നുകാലികൾക്കുള്ള ഹെൽത്ത് കാർഡിൽ എന്തെല്ലാമാണുൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കന്നുകാലികൾക്ക് ഹെൽത്ത് കാർഡ് എന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പിൽ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല

ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതി

23 (*593) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും ഗോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്.

(ബി) കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസഹകരണ മേഖലയിലേക്ക് കൊണ്ടുവരിക, ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉണ്ടാക്കുക, സംഭരണവും വിപണനവും മെച്ചപ്പെടുത്തുക, ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന ഗുണനിലവാരം കൈവരിക്കുക, സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക, ഗ്രാമവിവരകേന്ദ്രങ്ങളായി ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ ഡയറി പ്ലാൻ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾപ്രകാരം സംഘങ്ങളുടെ നവീകരണത്തിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ മിൽമയുടെ മേഖലാ യൂണിയനുകൾ വഴി നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിലൂടെ മിൽമ ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക മികവ് വരുത്തുവാനും സംഘങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു.

(സി) ഇതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി ജില്ലാ ഓഫീസുകൾ, യൂണിറ്റുതല ഓഫീസുകൾ എന്നിവ മുഖേന ടി പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക മികവ് വരുത്തുവാനും സുതാര്യത ഉറപ്പുവരുത്തുവാനുമായി ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡെവലപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾക്ക് കീഴിൽ ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസ്സസറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കിക്കൊണ്ട് മിൽമ ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly